## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1516 03.05.2017-ൽ മറുപടിക്ക്**

**യു.എ.പി.എ. വകുപ്പ് ചുമത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസ്സുകളിൽ യു.എ.പി.എ. വകുപ്പ് ചുമത്തിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) 28 കേസ്സുകൾ. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.<br>കൊല്ലം - 1<br>എറണാകുളം - 4<br>പാലക്കാട് - 7<br>മലപ്പുറം - 7<br>കോഴിക്കോട് - 3<br>വയനാട് - 3<br>കണ്ണൂർ - 2<br>കാസർഗോഡ് - 1 |
| (ബി) കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയത് പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) സർക്കാരിന്റെ നിർദ്ദേശമനുസരിച്ച്, സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ റിവ്യൂ നടത്തിയിട്ടുള്ളതാണ്. ഇതിൽ ചില കേസുകളിൽ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ സംബന്ധിച്ച തെറ്റിദ്ധാരണമൂലം യു.എ.പി.എ. ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി കേസുകളിൽ നിന്നും യു.എ.പി.എ. |

വകുപ്പ് നീക്കം ചെയ്യാനുള്ള
നടപടിക്രമം സ്വീകരിച്ചു
വരികയാണ്.

**സെക്ഷൻ ഓഫീസർ**